# INDIAN SCHOOL AL WADI AL KABIR

## MID TERM EXAMINATION 2022- 23

## CLASS VIII (3rd Lang.), MALAYALAM

## മലയാളം

**Time allowed: 2½ Hours** **Maximum Marks: 80**

അനുവദിച്ച സമയം : 2½ മണിക്കൂർ ആകെ മാർക്ക് : **80**

**Date: 18-09-2022**

---

❖ **Please check this question paper contains 6 printed pages and 12 questions.**

---

**1) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** **( 1 x 10 = 10 )**

a) 'മാൻമാർക്ക് കുട' എന്ന പാഠഭാഗം ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

( കഴിഞ്ഞകാലം, കണ്ണീരും കിനാവും, കൊഴിഞ്ഞ ഇലകൾ )

b) "അതിനെയും അല്ലാഹു സൃഷ്ടിച്ചതാണ്. കൊല്ലാൻ പാടില്ല. പാപമാണ്. " എന്തിനെക്കുറിച്ചാണ് കുഞ്ഞുപാത്തുമ്മ ഇങ്ങനെ ചിന്തിച്ചത് ?

( ആനയെക്കുറിച്ച്, കുരുവിയെക്കുറിച്ച്, അട്ടയെക്കുറിച്ച് )

c) ഏതു വാചകം വായിച്ചപ്പോഴാണ് വി. ടി. യുടെ മനസ്സിൽ നിന്ന് ആഹ്ളാദധ്വനി വിനിർഗളിച്ചത് ?

( മാൻ മാർക്ക് കുട, ശർക്കരപ്പായസം, കെടാവിളക്ക് )

d) ദശരഥൻ രണ്ട് വരങ്ങൾ നൽകിയത് ആർക്കാണ് ?

( കൗസല്യയ്ക്ക്, ശ്രീരാമന്, കൈകേയിയ്ക്ക് )

e) 'ചങ്ങാലിപ്രാവ് ' എന്ന കവിത എഴുതിയതാര് ?

( കുമാരനാശാൻ, വൈലോപ്പിള്ളി, ചങ്ങമ്പുഴ കൃഷ്ണപിള്ള )

f) "ഈ കണക്കൊന്നു പറഞ്ഞുതരാമോ? നാളെ ചെയ്തുകൊണ്ടു ചെല്ലാഞ്ഞാൽ മാസ്റ്റർ എന്നെ പുറത്തു നിർത്തും " ഇങ്ങനെ പറഞ്ഞതാര് ?

( തിയ്യാടി പെൺകുട്ടി, വി.ടി. ഭട്ടതിരിപ്പാട്, അമ്മ )

g) "അയാൾ അവളുടെ കൈ പിടിച്ചു കയറ്റി" ആരാണ് കുഞ്ഞുപാത്തുമ്മയുടെ കൈ പിടിച്ചു കയറ്റിയത് ?

( ബാപ്പ, ആനമക്കാര്, നിസാർ അഹമ്മദ് )

h) 'മാതൃദു:ഖം' എന്ന കവിത എഴുതിയതാര് ?

( എഴുത്തച്ഛൻ, ചെറുശ്ശേരി, കുഞ്ചൻ നമ്പ്യാർ )

i) ചങ്ങാലിപ്രാവ് മകളെ പയർ ഏൽപ്പിച്ചത് എന്തിനുവേണ്ടിയാണ് ?

( മുളപ്പിക്കുന്നതിനുവേണ്ടി, വറുക്കുന്നതിനുവേണ്ടി, തിന്നുന്നതിനുവേണ്ടി )

j) ആരാണ് ദണ്ഡധരാലയത്തിൽ പോകുമെന്ന് പറയുന്നത് ?

( ദശരഥൻ, ശ്രീരാമൻ, കൗസല്യ )

**2) അർത്ഥം എടുത്തെഴുതുക** **( ½ x 8 = 4 )**

a) ഉലകം ( വീട്, ലോകം, സ്വർണം )

b) വിശുദ്ധി ( സത്യം, കനിവ്, പരിശുദ്ധി )

c) ഹേതു ( കാരണം, ചന്ദ്രൻ, ഭക്ഷണം )

d) അരണ്യം ( കാട്, ഗ്രാമം, നഗരം)

e) പൊളി ( ജീവിതം, പ്രതീക്ഷ, കള്ളം )

f) വിവശ ( കിന്നാരം, ക്ഷീണിത, പ്രകാശം )

g) കിനാവ് ( ഓർമ്മ, വിനയം, സ്വപ്നം )

h) അർണവം ( മാളിക, സമുദ്രം, താമര )

**3) പര്യായപദങ്ങൾ എടുത്തെഴുതുക** **( 1 x 6 = 6 )**

a) കണ്ണ് ( നയനം, ഹസ്തം, നേത്രം, പാൽ )

b) പുത്രി ( ശാഖ, ബാണം, സുത , തനയ)

c) വീട് ( ആതപം, ഭവനം , സുധ, ഗൃഹം)

d) വെള്ളം ( ജലം, ആഴി, മാരി, സലിലം )

e) അമ്മ ( ജനനി, താതൻ, സഖി, മാതാവ് )

f) പൂവ് ( കുസുമം, നാസിക, സുമം, നിഗമം )

**4) ശരിയായ വാക്കുകൾ തിരഞ്ഞെടുത്തെഴുതുക** **( ½ x 8 = 4 )**

a) നിശീഥിനി / നിശീദിനി / നിശീധിനി

b) നാഴിപയർ / നാഴിപ്പയർ / നാഴിപ്പയാർ

c) ലംഘിക്കുക / ലംഗിക്കുക / ലംഖിക്കുക

d) പൈദൽ / പൈതൽ / പൈത്തൽ

e) അന്ദകാരം / അന്തകാരം / അന്ധകാരം

f) സന്തുഷ്ഠ / സന്തുഷ്ട / സാന്തുഷ്ട

g) ക്ഷണാർദ്ധം / ക്ഷണാർദ്ദം / ക്ഷണാർത്തം

h) കള്ളിപെണ്ണ് / കള്ളിപ്പെണ് / കള്ളിപ്പെണ്ണ്

**5) വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക** **( 1 x 5 = 5 )**

a) സമീപിച്ചു / കെഞ്ചി / അവൾ / ഇണക്കത്തോടെ / എന്നെ

b) രക്ഷപ്പെട്ടു / ആ കുട്ടിയിൽ / ഞാൻ / നിന്നു / തല്ക്കാലം

c) വെട്ടിവിഴുങ്ങിക്കളഞ്ഞു / വരാൽമൽസ്യം / ഒരു വലിയ / അതിനെ

d) എന്റെ കണ്ണുകൾ / കൃതജ്ഞത / നിറഞ്ഞു / കൊണ്ട്

e) ചിന്തിച്ചു / ആ രാത്രി / എന്റെ ഭാവിയെപ്പറ്റി / ഞാൻ

**6) എതിർലിംഗം എഴുതുക** **( ½ x 8 = 4 )**

a) പെൺകുട്ടി (പുരുഷൻമാർ, ആൺകുട്ടി, പുരുഷൻ )

b) കൂട്ടുകാരൻ (കൂട്ടുകാർ, കൂട്ടുകാരൻമാർ, കൂട്ടുകാരി )

c) കള്ളി (കള്ളൻ, കള്ളം, കള്ളത്തരം )

d) കെട്ടിയോൻ (കെട്ടവർ, വേട്ടവൻ, കെട്ടിയോൾ )

e) അമ്മ (അച്ഛൻ, മാതാവ്, മകൾ )

f) നായിക (നായകർ, നായകൻ, നായകി )

g) മകൾ (മക്കൾ, മരുമകൻ, മകൻ )

h) തമ്പുരാൻ (തമ്പുരാട്ടി, തമ്പാൻ, തമ്പി )

**7) വിപരീതപദം എഴുതുക** **( ½ x 8 = 4 )**

a) വിശ്വാസം
b) കുറയുക
c) ഇണക്കം
d) സുഖം
e) പുറത്ത്
f) പരിഷ്കൃതം
g) രക്ഷ
h) വിജ്ഞാനം

**8) അർത്ഥവ്യത്യാസം എഴുതുക** **( 1 x 2 = 2 )**

a) അർത്ഥം - അർദ്ധം
b) കനിവ് - കിനാവ്

**9) ചേർത്തെഴുതുക** **( ½ x 6 = 3 )**

a) വിഷമം + ആണ്
b) തീ + പൊരി
c) അവസരം + ഇല്ല
d) കള്ളി + പെണ്ണ്
e) എഴുതി + തന്നു
f) പാപം + ആണ്

**10) പിരിച്ചെഴുതുക** **( ½ x 6 = 3 )**

a) ജീവനുണ്ടോ
b) ഓലക്കുട
c) മറ്റേതും
d) ഞാനിരിപ്പൂ
e) പാട്ടാണ്
f) തൂക്കിയിട്ട

**11) താഴെ കൊടുത്തിട്ടുള്ള ഏതെങ്കിലും <u>10 ചോദ്യങ്ങൾക്ക്</u> ഉത്തരം എഴുതുക.**

**( 3 x 10 = 30 )**

a) വി. ടി. എടുത്ത ശപഥം എന്തായിരുന്നു ?

b) ആരാണ് തലതല്ലി കരയുന്നത് ?

c) കുഞ്ഞുപാത്തുമ്മയുടെ ഉമ്മ എപ്പോഴും എന്തിനെപ്പറ്റിയാണ് പറയാറുണ്ടായിരുന്നത് ?

d) ശ്രീരാമന്റെ വാക്കുകൾ കേട്ട് പാരിൽ മോഹിച്ചു വീണത് ആരാണ് ?

e) വി. ടി. ലജ്ജിതനായത് എന്തു കൊണ്ട് ?

f) "പരാമർത്ഥമറിയാതെയെൻ പൊന്നുമോളേ" എന്തായിരുന്നു പരമാർത്ഥം ?

g) അട്ട കടിച്ചപ്പോൾ കുഞ്ഞുപാത്തുമ്മ ഉറക്കെ നിലവിളിക്കാതിരുന്നത് എന്തുകൊണ്ട് ?

h) എന്തു ചെയ്തപ്പോഴാണ് തനിക്ക് തെറ്റ് പറ്റിപ്പോയി എന്ന് ചങ്ങാലി തിരിച്ചറിഞ്ഞത് ?

i) എന്തുകൊണ്ടാണ് 'ഇപ്പോൾ ഭുജിക്കാൻ സമയമില്ലെന്ന് ' ശ്രീരാമൻ മാതാവിനോട് പറയുന്നത് ?

j) വി. ടി. ആരുടെ ശിഷ്യത്വമാണ് കൈക്കൊണ്ടത് ?

k) ദശരഥ മഹാരാജാവ് കൈകേയിയ്ക്ക് നൽകിയ വരങ്ങൾ ഏതെല്ലാം ?

l) തിയ്യാടി പെൺകുട്ടി വി. ടി.യോട് ചോദിച്ച സഹായമെന്ത് ?

**12) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികകൾ വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ശരിയുത്തരം എഴുതുക. ( 1 x 5 = 5 )**

കൂട്ടുകാർക്ക് ഒരു പാട്ട് കേൾക്കണോ-?

"ഗുത്തിനി ഹാലിട്ട ലിത്താപ്പോ
സഞ്ചിനി ബാലിക്കലുട്ടാപ്പീ."

വല്ലതും പിടികിട്ടിയോ നിങ്ങൾക്ക് ? ഹൗ! ഇതെന്തു ഭാഷയാണപ്പാ എന്ന് തോന്നിയിരിക്കും. ഇല്ലേ? ഇത് സുൽത്താന്റെ ഒരു പാട്ടാണ് " ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് " (ആ പേരുതന്നെ എത്ര രസകരമാണെന്നു നോക്കൂ!) എന്ന നോവലിലെ കഥാനായികയായ, ആനമക്കാരിന്റെ പുന്നാരമോളുടെ പുന്നാരമോളായ കുഞ്ഞുപാത്തുമ്മയെ അയൽപക്കത്തെ പരിഷ്കാരി പെൺകുട്ടിയായ ആയിഷ പഠിപ്പിച്ച പാട്ടാണിത്.

ആട്ടെ, ഒന്നും മനസ്സിലാകുന്നില്ലെങ്കിലും ഇത് താളത്തിൽ പാടാൻ നല്ല രസം തോന്നുന്നില്ലേ നിങ്ങൾക്ക്? ബഷീർ എന്ന മഹാമാന്ത്രികനായ സാഹിത്യകാരൻ ഒരർത്ഥവുമില്ലാതെ കുറെ വാക്കുകൾകൊണ്ട് ഒരു മഹാദ്ഭുതം കാണിക്കുകയാണ് ഇവിടെ. വല്ലഭന് പുല്ലും ആയുധം!

ഇനി നമുക്ക് കുഞ്ഞുപാത്തുമ്മയെ ഒന്നു പരിചയപ്പെടാം. കുഞ്ഞുപാത്തുമ്മ ഒരു നിഷ്കളങ്കയായ ഗ്രാമീണപെൺകൊടിയാണ്. വളരെ ദാരിദ്ര്യത്തിലാണ് അവരുടെ ജീവിതം. പക്ഷേ, അവളുടെ ഉമ്മ പഴയ പ്രതാപങ്ങൾ അയവിറക്കി ' ടക് ടക് ' എന്ന ശബ്ദം കേൾപ്പിച്ച് മെതിയടിപ്പുറത്തു കയറി അങ്ങനെ നടക്കും.

“ന്റെ പൊന്നുകുഞ്ഞുപാത്തുമ്മാ, നീ ആനമക്കാരിന്റെ പുന്നാരമോള്ട പുന്നാരമോളാ.... നിന്റുപ്പൂപ്പാക്കേ, ഒരാനേണ്ടാർന്ന് ! ബല്യ ഒരു കൊമ്പനാന...”

ഇങ്ങനെ എപ്പോഴും പഴയ പ്രതാപത്തെക്കുറിച്ച് അവർ പറയുമായിരുന്നു. കുഞ്ഞുപാത്തുമ്മ ഒരു പാവം പെൺകുട്ടിയായിരുന്നു. അവൾ ദൈവത്തിൽ വിശ്വസിച്ചും, ഇബിലീസിനെ (സാത്താനെ) പേടിച്ചും ജീവിച്ചു. ഭൂമുഖത്തുള്ള എല്ലാ ജീവജാലങ്ങളെയും അവൾ സ്നേഹിച്ചു. തങ്ങളുടെ ദാരിദ്ര്യവും സങ്കടങ്ങളും മാറാൻ അവൾ എന്നും പ്രാർത്ഥിക്കും.

“റബ്ബുൽ ആലമീനായ തമ്പുരാനേ, ഇഞ്ഞിയെങ്കിലും ഞങ്ങളെ ഇബിലീസ് എന്ന പഹയന്റെ ഉപദ്രവത്തീന്ന് ലച്ചിക്കണേ...”

പാവം, അല്ലേ ? അതേ. അവളെ പരിചയപ്പെട്ടാൽ നിങ്ങളൊരിക്കലും മറക്കില്ല.

**<u>ചോദ്യങ്ങൾ</u>**

a) ‘ ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന് ’ എന്ന നോവൽ എഴുതിയതാര് ?

b) കുഞ്ഞുപാത്തുമ്മയെ ആരാണ് പാട്ട് പഠിപ്പിച്ചത് ?

c) “വല്ലഭന് പുല്ലും ആയുധം” ഇത് ആരെപ്പറ്റിയാണ് പറയുന്നത് ?

d) കുഞ്ഞുപാത്തുമ്മ എന്നും പ്രാർത്ഥിക്കുന്നത് എന്താണ് ?

e) “അവളെ പരിചയപ്പെട്ടാൽ നിങ്ങളൊരിക്കലും മറക്കില്ല” ആരെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത് ?

****